(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണം യു.ജി.സി. മാതൃകയിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മുഴുവൻ കോളേജ് അദ്ധ്യാപകരും ഈ പരിഷ്കരണത്തിന്റെ പരിധിയിൽ വരുമോ;

(ഡി) പരിഷ്കരണം നടപ്പിലാക്കുന്നതോടൊപ്പം എന്തെങ്കിലും അധിക യോഗ്യത ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. മാതൃകയിൽ 1-1-1996 മുതൽ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രീ ഡിഗ്രി വിഭാഗത്തെ മാത്രം പഠിപ്പിക്കാൻ നിയമിച്ചിട്ടുള്ള അദ്ധ്യാപകർ ഒഴിച്ചുള്ള യോഗ്യരായ എല്ലാ കോളേജ് അദ്ധ്യാപകരും യു.ജി.സി.യുടെ പരിധിയിൽ വരും.

(ഡി) യു.ജി.സി. നിർദ്ദേശിച്ചിട്ടുള്ള യോഗ്യതകളല്ലാതെ അധിക യോഗ്യത ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

64 (482) കോളേജ് ഫീസും പരീക്ഷാഫീസും വർദ്ധിപ്പിക്കൽ

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോളേജ് ഫീസും പരീക്ഷാഫീസും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) അംഗീകൃത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പ്രതിവർഷ പരമാവധി ഫീസ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കിക്കൊണ്ട് നിലവിലുള്ള ഫീസിൽ നിന്നും എത്ര ശതമാനം വർദ്ധനവ് വരുത്താൻ ഇടയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) അശാസ്ത്രീയമായ ഈ ഫീസ് വർദ്ധന പുനഃപരിശോധിക്കുവാൻ സർക്കാർ സന്നദ്ധമാവുമോ?

ഉത്തരം

(എ)&(ബി) ഇല്ല. ഫീസ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നതതലസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

65 (483) ക്ലാസ്സ്-4 തസ്തികയിലേയ്ക്ക് നിയമനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ക്ലാസ്-4 തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ എന്താണ് കാരണം;

(ഡി) കേരള സർവ്വകലാശാലയിൽ ക്ലാസ്-4 ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എല്ലാ ഒഴിവുകളും നികത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇതുവരെ ആരെയും നിയമിച്ചിട്ടില്ല എന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) എംപവേർഡ് കമ്മിറ്റിയുടെ അനുവാദം ലഭിക്കാത്തതാണ് കാരണം.

(ഡി) നൂറോളം ഒഴിവുകൾ നിലവിലുണ്ട്,

(ഇ) എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

66 (484) ഡിഗ്രി സർട്ടിഫിക്കറ്റുകൾ

ശ്രീ. ജോർജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസർവ്വകലാശാലയിൽ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള എത്ര അപേക്ഷകൾ 21.11.99 ലെ കണക്കനുസരിച്ച് തീർപ്പാക്കാനുണ്ട്;

(ബി) ഇവ എന്നുമുതൽ കിട്ടിയ അപേക്ഷകളാണ്;

(സി) ഇവ തീർപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 ൽ ഫലം പ്രസിദ്ധീകരിച്ച സർവ്വകലാശാല പരീക്ഷയുടെ ഡിഗ്രി സർട്ടിഫിക്കറ്റിനു ലഭിച്ച അപേക്ഷകൾ കൂടാതെ നൂറോളം

LIBRARY ARCHIVES Kerala Legislative Assembly